പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74 | 07.02.2013-ൽ മറുപടിക്ക്

## ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള കർമ്മ പദ്ധതി

**ചോദ്യം**

ശ്രീ. ഷാഫി പറമ്പിൽ :
,, കെ. മുരളീധരൻ :
,, എം. എ. വാഹിദ് :
,, ലൂഡി ലൂയിസ് :

**ഉത്തരം**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

(എ) ജീവിതശൈലീ രോഗ നിയന്ത്രണത്തിനുള്ള നൂതന കർമ്മ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) "അമൃതം-ആരോഗ്യം"എന്ന പേരിൽ ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതി ആരോഗ്യ വകുപ്പ് കേരളത്തിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതി കേരളത്തിലെ എല്ലാ സി.എച്ച്.സി-കളിലും, പി.എച്ച്.സി-കളിലും സബ് സെന്ററുകളിലും നടന്നു വരുന്നു.

ജീവിതശൈലീ രോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2012-13 സാമ്പത്തിക വർഷത്തിൽ 450 ലക്ഷം രൂപ ജീവിതശൈലീ രോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള എല്ലാ സി.എച്ച്.സി / പി.എച്ച്.സി / സബ് സെന്ററുകളിലും ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിക്കുന്ന എൻ.സി.ഡി ക്ലിനിക്കുകൾ ആരംഭിച്ചു കഴിഞ്ഞു. വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾ കണക്കിലെടുത്ത് 30 വയസ്സിനുമേൽ പ്രായമുള്ളവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കി ജീവിതശൈലിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് അവബോധവും, സൗജന്യ ചികിത്സയും നൽകുന്നു.

സംസ്ഥാനതല പദ്ധതിയ്ക്ക് പുറമേ പകർച്ചേതര വ്യാധികളുടെ നിയന്ത്രണത്തിനും പ്രതിരോധത്തിനുമായി 2010-ൽ പ്രഖ്യാപിച്ച കേന്ദ്രാവിഷ്കൃത പരിപാടിയാണ് NPCDCS (National Programme for Prevention and Control of Diabetes and Cardio Vascular Stroke). ഇന്ത്യയിൽ കാൻസർ, പ്രമേഹം, ഹൃദ്രോഗം മുതലായ പകർച്ചേതര വ്യാധികളുടെ തോതും, തൻമൂലമുള്ള മരണവും ആശങ്കാജനകമായി വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ചാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു പരിപാടി ആവിഷ്കരിച്ചത്.കാൻസർ, പ്രമേഹം, രക്തസമ്മർദ്ദം എന്നിവ

സമൂഹത്തിൽ വ്യാപിക്കാതിരിക്കാനും രോഗികളായി കഴിഞ്ഞവർക്ക് ചികിത്സാ സൗകര്യങ്ങൾ നൽകു ന്നതിനുമുള്ള പ്രവർത്തന പരിപാടികളാണ് ഈ പദ്ധതിയിലുള്ളത്. പദ്ധതി തുകയിൽ 80% കേന്ദ്ര വിഹിതവും, 20% സംസ്ഥാന വിഹിതവുമാണ്. പത്തനംതിട്ട ജില്ലയിലാണ് ഈ പദ്ധതി ആദ്യമായി നടപ്പിലാക്കിയത്. തുടർന്ന് മറ്റു ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, കോഴിക്കോട് ജില്ലകളിലും പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജനറൽ ആശുപത്രിയിൽ 6 കിടക്ക കളുള്ള ഒരു ഐ.സി. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. മറ്റു ജില്ലകളിലും ഐ.സി.യു ഉൾപ്പെടെയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ജീവിതശൈലീ രോഗങ്ങൾ ആരംഭഘട്ടത്തിൽ തന്നെ കണ്ടെത്താനും, നിയന്ത്രി ക്കാനും രോഗികൾക്ക് ചികിത്സ ഉറപ്പാക്കുവാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇതിനുപുറമേ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്ന അനാരോഗ്യകരമായ ജീവിത രീതി കൾ - പ്രത്യേകിച്ച് പുകവലി, മദ്യപാനം, വ്യായാമ ക്കുറവ് - ലഹരി മരുന്നുകളുടെ ഉപയോഗം കൊണ്ട് ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പൊതുജനങ്ങ ളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആരോഗ്യ പ്രവർത്തകർ മുഖേനയും, നോൺ ഗവൺമെന്റ് ഓർഗ നൈസേഷൻ മുഖേനയും നടത്തുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. അതു വഴി സമൂഹത്തെ ലഹരി വിമുക്തമാക്കുകയും, ജീവിത ശൈലി രോഗ ങ്ങൾക്ക് അടിമകളാകുന്നവരുടെ നിരക്ക് കുറയ്ക്കുകയു മാണ് ലക്ഷ്യമാക്കുന്നത്.

(സി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭ്യമാക്കാനുദ്ദേശിക്കു ന്നത് ;

(സി) സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 14 ജില്ലകളിലും സി.എച്ച്.സി/പി.എച്ച്.സി/സബ് സെന്റർ തലത്തിൽ എൻ.സി.ഡി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ആഴ്ചയിൽ സ്ഥിരമായി ഒരു ദിവസം എൻ.സി.ഡി ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

സബ്സെന്റർ തലത്തിൽ എല്ലാ ആഴ്ചയും സ്ഥിരം ഒരു ദിവസം ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ-മാർ പ്രദേശത്ത് നിലവിൽ രോഗമുള്ളവരെ കണ്ടെത്തുന്നു. ഇതിനു പുറമേ ക്ലിനിക്കിൽ എത്താൻ സാധിക്കാത്ത ജനങ്ങളെ ഉദ്ദേശിച്ച് മൂന്ന് ക്യാമ്പുകളും നടത്തുന്നു. അവിടെ എത്തുന്നവരുടെ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, BMI (Body, Mass, Index) എന്നിവ പരിശോധിച്ച് രോഗമുണ്ടെന്ന് സംശയിക്കു ന്നവരെ കണ്ടെത്തി പി.എച്ച്.സി/സി.എച്ച്.സി -കളി ലേയ്ക്ക് വിടുന്നു. അവിടെ ഡോക്ടർമാർ, ഇവരെ

പരിശോധിച്ച് രോഗനിർണ്ണയവും, ചികിത്സയും, ചികിത്സാ നിർദ്ദേശങ്ങളും നൽകുന്നു. വിദഗ്ധ ചികിത്സ വേണ്ടവരെ കൂടുതൽ പരിശോധനകൾക്കായി ജില്ലാ ആശുപത്രികൾ / മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലേക്ക് റഫർ ചെയ്യുന്നു. ചികിത്സ നിർണ്ണയിക്കുവാൻ സഹായകമാവുന്ന ഒരു ട്രീറ്റ്മെന്റ് പ്രോട്ടോകോൾ ഈ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രം വരെ മരുന്നുകൾ എത്തിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ജീവിതശൈലീ രോഗ നിയന്ത്രണ ബോധവൽക്കരണ പ്രവർത്തനങ്ങൾ, പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങളിൽ ബോധവൽക്കരണവും, പ്രചാരണ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ആരോഗ്യ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, എൻ.ജി.ഒ.-മാർ എന്നിവരുടെ സഹായത്തോടെ സംസ്ഥാന വ്യാപകമായി 14 ജില്ലകളിലും സെമിനാറുകളും സ്കൂൾ/കോളേജ് വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് പുകയില/ലഹരി പദാർത്ഥ വിരുദ്ധ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>സംസ്ഥാനത്ത് 14 ജില്ലകളിലും Smoking Cessation Clinic - കൾ ആരംഭിക്കുന്നതിനുള്ള കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. യുവജനങ്ങളിലും, വിദ്യാർത്ഥികളിലും വർദ്ധിച്ചുവരുന്ന പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗം അപകടകരമായ നിരക്കിൽ വർദ്ധിച്ചുവരുന്നതിനെ തുടർന്ന് ഉണ്ടാകുന്ന ആരോഗ്യ പ്രതിസന്ധി (Health Hazards) - യെക്കുറിച്ചുള്ള ഒരു അവബോധം സൃഷ്ടിക്കുന്നതിനായി ജില്ലകൾ തോറും കൗൺസിലർമാരെ കണ്ടെത്തിയിട്ടുണ്ട്. അവർക്ക് പരിശീലനം നൽകുന്നതിനുള്ള വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് വരുന്നു.<br>കുട്ടികളിൽ വർദ്ധിച്ചുവരുന്ന അമിതവണ്ണം (Obessity) നിയന്ത്രിക്കുന്നതിനായി ആരോഗ്യകരമായ പാചകരീതിയും കലോറിമൂല്യം കുറവുള്ള ഭക്ഷണ പദാർത്ഥങ്ങളുടെ പ്രചരണവും വ്യാപകമാക്കാനുള്ള കർമ്മപരിപാടിയ്ക്ക് രൂപം നൽകി. ഈ പദ്ധതി മുഖേന കലോറിക മൂല്യം കുറവുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ എത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ